# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.klm.p9/335/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം, (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), കൊല്ലം
3)കാര്യാലയ പകർപ്പ്

നമ്പർ: KSA.klm.p9/335/22 തീയ്യതി: 06/07/2022

## കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മാത്യൂറോയ്. കെ. പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 28-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-02-2022 | 28-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ. ജി (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)
ശ്രീമതി. ജയകുമാരിഅമ്മ. ജി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ. സുനിൽകുമാർ (ഓഡിറ്റർ)
ശ്രീമതി. റജിന. എസ് (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ബി.സജീവ് | പ്രസിഡന്റ് | 01-04-2020 | 07-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം | പ്രസിഡന്റ് | 08-11-2020 | 30-12-2020 |
| ശ്രീമതി..ആനന്ദവല്ലി.എ | പ്രസിഡന്റ് | 31-12-2020 | 31-03-2021 |
| ശ്രീമതി.രമ്യ.സി | സെക്രട്ടറി | 01-04-2020 | 21-02-2021 |
| ശ്രീമ.ലെനിൻ സി | സെക്രട്ടറി | 21-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വേണുഗോപാൽ.ബി | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 31-03-2021 |
| ശ്രീ.ഹനീസ്.എച്ച് | അസി.സർജൻ,സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ.ബിജു.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലത.വി | അ അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സൂര്യ.എസ്.നായർ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.എം.ആർ.കൃഷ്ണ | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി.അമ്പിളികുമാരി | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ദീപ്തി എസ് | അസി.പ്രോജക്ട് ഓഫീസർ,വെറ്ററിനറി | 01-04-2020 | 31-03-2021 |
| ശ്രീ.പി.ബി.ബാബു | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 02-08-2020 |
| ശ്രീ.ഷാജി ഡി | പട്ടികജാതി വികസന ഓഫീസർ | 03-08-2020 | 31-03-2021 |
| ശ്രീ. ജോൺ ഡാനിയേൽ | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-8 |
| 10 | ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും കുറവുവരുത്തിയ തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-9 |
| 11 | ബഹു ഹൈക്കോടതിയിൽ അപ്പീൽ നല്കിയ കേസിന്റെ നിലവിലെ സ്ഥിതി ലഭ്യമല്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-10 |
| 12 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-11 |
| 13 | എസ്സ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറിയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും-പ്രോജക്ട് പൂർത്തീകരിച്ചില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-12 |
| 14 | അമ്മക്കിളിക്കൂട് അനുബന്ധ സാധനങ്ങൾ വാങ്ങൽ<br>Written By: Sunilkumar.U.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-13 |
| 15 | പാലിന് സബ്സിഡി അധികധനസഹായം നൽകി<br>Written By: Sunilkumar.U.S (Auditor, On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-14 |
| 16 | ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോഡു കൂടിയ സ്കൂട്ടർ | 1-15 |

| | | |
|---|---|---|
| | Written By: Sunilkumar.U.S (Auditor, On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | |
| 17 | ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല<br>Written By: Sunilkumar.U.S (Auditor, On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-16 |
| 18 | നിർധന വിദ്യാർത്ഥികൾക്ക് പിഎസ് സി എൻട്രൻസ് കോച്ചിംഗ് ക്യാമ്പ് - അധികം തുക നൽകി<br>Written By: G.Sajikumar (Audit Officer (HG), On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-17 |
| 19 | നിർധന വിദ്യാർത്ഥികൾക്ക് പി എസ് സി പരിശീലനം - അധിക ചെലവുണ്ടായി.<br>Written By: Sunilkumar.U.S (Auditor, On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-18 |
| 20 | ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 28,887/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കവരുത്തണം<br>Written By: G.Sajikumar (Audit Officer (HG), On 28-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-19 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ - ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-20 |
| 22 | വൗച്ചറിലെ ചെലവുകളെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 06-07-2022) | 1-21 |
| 23 | പി എം ജെ കെ വി പദ്ധതി - വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം, തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക റീക്രൂപ്പ് ചെയ്തിട്ടില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | നിർധന വിദ്യാർത്ഥികൾക്ക് പിഎസ് സി എൻട്രൻസ് കോച്ചിംഗ് ക്യാമ്പ് (So-83/21), അധികമായി നല്കിയ 18,000 രൂപ നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 3-1 |
| 2 | നിർധന വിദ്യാർത്ഥികൾക്ക് പി എസ് സി പരിശീലനം (152/20), (112/21) അധികം നല്കിയ 19,250 രൂപാ നിരാകരിക്കുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 3-2 |
| 3 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.<br>Written By: Naseer S (Computer Assistant, On 05-07-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 3-3 |
| 4 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.<br>Written By: Naseer S (Computer Assistant, On 05-07-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 3-3 |
| 5 | എസ്സ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറിയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും-പ്രോജക്ട് പൂർത്തീകരിച്ചില്ല.<br>Written By: Naseer S (Computer Assistant, On 05-07-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 3-4 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-6 |
| 7 | സ്ഥിര നിക്ഷേപം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rajina A.S (Auditor, On 27-02-2022)<br>Last Updated By: Rajina A.S (Auditor, On 27-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajina A.S (Auditor, On 01-03-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 25-02-2022)<br>Last Updated By: Naseer S (Computer Assistant, On 05-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രിക-3 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020 -21 വർഷ ബജറ്റ് 24.3.2020 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2021 | 27.8.21 | | |

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9-ാം വകുപ്പ് പ്രകാരം എല്ലാ ലോക്കൽ അതോറിറ്റികളും / സ്ഥാപനങ്ങളും 31.07.21 നകം വാർഷിക കണക്ക് ലഭ്യമാക്കേണ്ടതാണ്. എന്നാൽ 27.08.2021-ൽ മാത്രമാണ് ആയത് സമർപ്പിച്ചിട്ടുള്ളത്. യഥാസമയം വാർഷിക കണക്ക് സമർപ്പിക്കാത്തത് സ്ഥാപനത്തിന്റെ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-2-1 വാർഷികധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2020-21 സാമ്പത്തികവർഷത്തെ വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. വികസനഫണ്ട് -SCP ചെലവ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. (ACR – 1,83,54,370/-രൂപ, AFS – 1,80,49,909/-രൂപ, സുലേഖ പ്രകാരം – 1,79,71,570/-രൂപ)

2. ഗുണഭോക്തൃവിഹിതമിനത്തിൽ ലഭിച്ച തുക, നീക്കിയിരുപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. Grants, Funds & Contributions For Specific Purposes - Other Financial Instituitions വരവു നീക്കിയിരുപ്പു തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. (RP31 – 24,360/-, B-4 – 11,279/-)

4. വിവിധ ഷെഡ്യൂളുകളിൽ ഉൾപ്പെട്ട ചുവടെക്കൊടുക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

RP-34 & B7-Contractors Retention - 64951 & 102027

RP4- 55646

RP4- 2998

RP4- 31688

RP5- 5600

RP5- 7616

RP5- 16660

5. ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ബി-17& ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല. (B-17 ഷെഡ്യൂളിൽ 10,00,000/- രൂപയും B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെട്ട തുക 35,00,000/- രൂപയുമാണ്. ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. റീക്കൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. (Canara Bank, Own Fund, IAY, TSC, TSB (Own Fund), PMKSY)

7. സംയുക്ത പ്രോജക്ട്-ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. (AFS –

35,00,000/-രൂപ, സുലേഖ പ്രകാരം – 11,32,500/-രൂപ)

8. സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ / IAY / PMAY / PMKSY ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,87,44,937/- രൂപ |
| വരവ് | 8,78,46,235/- രൂപ |
| ആകെ | 12,65,91,172/- രൂപ |
| ചെലവ് | 11,33,88,524/- രൂപ |
| നീക്കിയിരിപ്പ് | 1,32,02,648/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ നിരാകരിച്ച തുക | 90,272/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 31,06,840/- രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | സി.ബി (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 3,93,61,452 | 3,93,61,452 | 3,82,07,175 | 11,54,277 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 1,90,71,000 | 1,90,71,000 | 1,79,71,570 | 10,99,430 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 7,05,000 | 7,05,000 | 4,39,110 | 2,65,890 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 68,58,917 | 68,58,917 | 68,56,832 | 2,085 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)tied | - | 73,90,000 | 73,90,000 | 4,73,000 | 69,17,000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)untied | - | 73,90,000 | 73,90,000 | 65,63,201 | 8,26,799 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)MPLAD | 5,01,447 | 11,74,836 | 16,76,283 | 11,26,695 | 5,49,588 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) IAY/PMAY | 75,33,606 | 5,39,405 | 80,73,011 | 5,366 | 80,67,645 |
| PMKSY | 9,688 | 10,70,738+ 697 (Interest) | 10,80,426+697 (Interest) | 10,80,426 | 697 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 70625740 | 139 | 56617855 | - | 25 | 85 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.02.2022-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നത് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. സ്വയം പിൻവലിക്കൽ നടത്തുന്ന ചെക്കുകൾ പ്രകാരമുള്ള തുകകളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുക പെറ്റി/സബ്സിഡിയറി കാഷ് ബുക്കിൽ ഉൾപ്പെടുത്തി അവയുടെ വിനിയോഗം എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ആയത് പൂർണ്ണമായും പ്രാവർത്തികമാക്കുന്നില്ല. അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെൻറ്, റീകൺസീലിയേഷ ൻ സ്റ്റേറ്റ്മെ ൻറ് എന്നിവ കൃത്യതയോടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

48544/എബി1/13/ത.സ്വ.ഭ.വ തീയതി 22.04.14 നമ്പർ സർക്കുലർ പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുമ്പോൾ എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ദിവസംതോറും Day Book അതാത് ദിവസം തന്നെ പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം. രസീതുകളുടെ കൗണ്ടർഫോയിൽ, റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിൽ എന്നിവയും രസീതും ദിവസക്രമത്തിൽ അടുക്കി കൃത്യമായി സൂക്ഷിക്കണം. ഇത് കൃത്യമായി ചെയ്യുന്നുണ്ടെന്ന് അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് പ്രത്യേക ശ്രദ്ധചെലുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ അതാത് ദിവസംതന്നെ Day Book പ്രിന്റെടുത്ത് മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അതുപോലെ രസീതുകളുടെ കൗണ്ടർ ഫോയിലും റദ്ദാക്കിയ രസീതുണ്ടെങ്കിൽ ആയതിന്റെ കൗണ്ടർ ഫോയിലും രസീതും ദിവസക്രമത്തിൽ അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാംഖ്യ രസീതുകൾ കൃത്യമായി സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.

വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. സ്ഥാപനത്തിലെ സ്റ്റോഴ്സ് ആന്റ് സ്റ്റോക്ക് സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും (Sl.no, Accounting Years, Description Of The Item, Quantity, Bill Date, Vr.No/Dt, Amount(Rs.) Purchased/Sold, Location/Identification, Funded By എന്നിവ) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. കംപ്യൂട്ടർ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്കു വിവരം, അവയുടെ ലൊക്കേഷൻ എന്നിവ പ്രത്യേകമായി ഇ-രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്. വാങ്ങൽ നടപടിക്രമങ്ങൾ കൃത്യതയോടെ പാലിക്കേണ്ടതാണ്.

വൗച്ചറുകളോടൊപ്പം അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല. എല്ലാ ചെലവ് വൗച്ചറുകളിലും ചെലവ് സാധൂകരിക്കുന്ന രേഖകൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല.

വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ഫലപ്രദമായ മോണിറ്ററിംഗ് നിർവഹിച്ചിട്ടുള്ളതായി കാണുന്നില്ല. പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ചുള്ള കൃത്യതയാർന്ന

ആധികാരികമാക്കിയ രേഖപ്പെടുത്തലുകളും തുടർനിരീക്ഷണങ്ങളും അനിവാര്യമാണ്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ അഭ്യന്തരനിയന്ത്രണ സംവിധാനം പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ ഇനിയും രൂപപ്പെട്ടിട്ടില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.6.21 | 2019-20 | 5.7.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.3.21 | 4/16-2/21 | 23.7.21 |

## 1-9 ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും കുറവുവരുത്തിയ തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല

സർക്കാർ ഉത്തരവ് (കൈ) നമ്പർ 73/2020 ത.സ്വ.ഭ.വ 5/5/20 പ്രകാരം കോവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഹോണറേറിയത്തിൽ നിന്നും 25% വീതം 4 തവണയായി കുറവുവരുത്തുന്നതിനും ആ തുക സി എം ഡി ആർ എഫ് നായി ഒരു SDTSB അക്കൗണ്ട് ഓപ്പൺ ചെയ്തു അതിലേക്ക് മാറ്റുന്നതിനും നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം 66,400/- രൂപ സെക്രട്ടറിയുടെ പേരിലുള്ള SDTSB അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം | വൗച്ചർ നമ്പർ | തുക (രൂപ) |
|---|---|---|
| 1 | 3(6)/20-21,03-06-20<br>(Amount For The Month 4/20& 5/20) | 33,200 |
| 2 | 1(7)/20-21,01-07-20 | 16,600 |
| 3 | 1(8)/20-21,03-08-20 | 16,600 |
| | ആകെ | 66400/- |

സെക്രട്ടറിയുടെ SDTSB അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന 66,400/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/25.02.2022

## 1-10 ബഹു ഹൈക്കോടതിയിൽ അപ്പീൽ നല്കിയ കേസിന്റെ നിലവിലെ സ്ഥിതി ലഭ്യമല്ല

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് നബാഡ് പനയനം-പുതുവൽ കോടിയാട്ട് കുഴി ഇരപ്പകുഴി-മൈലാടുംപാറ റോഡ് -പട്ടാഴി ഗ്രാമപഞ്ചായത്ത് എന്ന പ്രവർത്തിയുടെ പേരിൽ പുനലൂർ സബ്കോടതിയിലുള്ള കേസ് നമ്പർ O.S. NO.78 /2016 എന്ന കേസ് വിധി സർക്കാരിന് എതിരായി വരികയും ആയത് പ്രകാരം വാദിയ്ക്ക് 57,43,966/- രൂപ നൽകേണ്ടതുമുണ്ട്. മേൽ വിധി പ്രസ്താവനയ്ക്കെതിരെ ബഹു ഹൈക്കോടതിയിൽ അപ്പീൽ നല്കി വിധി താല്ക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളതാണ്. ബഹു ഹൈക്കോടതിയിൽ കേസ് നടത്തിപ്പിനായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ | ചെലവ് | തുക (രൂപ) |
|---|---|---|

| | | |
|---|---|---|
| 13(5)/19 17.05.19<br>ചെക്ക നം. 2868137 | 1/3rd കോർട്ട് ഫീസ് 1,42,400/-<br>വക്കീൽ ഫീസ് 30,000/- | 1,72,400/- |
| 7(6)/19 07.06.19 | ബാലൻസ് കോർട്ട് ഫീസ് | 2,84,782 |
| 6(10)/20 12.10.20 | സെക്യൂരിറ്റി ബോണ്ട് പുതുക്കൽ (കാനറാ ബാങ്ക്) | 50,351/- |
| | ആകെ | 5,07,533/- |

സർക്കാർ ഉത്തരവ് (എം എസ്) നമ്പർ36/2016ത.സ്വ.ഭ.വ 18/02/2016 പ്രകാരം കേസൊന്നിന് 15,000 രൂപ വരെ വക്കിൽ ഫീസ് അനുവദിക്കുന്നതിനും 50,000 രൂപ വരെ വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിക്ക വിധേയമായി ഈ ഇനത്തിൽ ചെലവഴിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. 50,000 രൂപയ്ക്ക് മുകളിൽ വക്കിൽ ഫീസായി തുക ചെലവഴിക്കുന്നതിന് സർക്കാരിന് അനുമതി നേടേണ്ടതുണ്ടെന്നിരിക്കെ വകുപ്പദ്ധ്യക്ഷന്റെ അനുമതിയില്ലാതെ 30,000 രൂപ നൽകിയിരിക്കുന്നു. കേസിന് ഹൈക്കോടതിയിൽ ഹാജരായതിന്റെ വിവരങ്ങളോ സ്റ്റേ ഓർഡർ വിധിപ്പകർപ്പോ കേസിലെ നിലവിലെ സ്ഥിതിയോ ലഭ്യമാക്കിയില്ല. മേൽ ഉത്തരവിന് വിരുദ്ധമായി വക്കീൽ ഫീസിനത്തിൽ അധികം ചെലവഴിച്ച 15,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേസിന്റെ നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതും അധികമായി ചെലവഴിച്ച തുകയ്ക്ക് വകുപ്പദ്ധ്യക്ഷന്റെ അനുമതി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 3/26.02.2022

തടസ്സപ്പെടുത്തുന്ന തുക – 15,000/- രൂപ

1-11 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് – വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (26/21)

അടങ്കൽ - 1,08,750/- രൂപ (വികസനഫണ്ട് - റ്റി.എസ്.പി)

ചെലവ് - 99,360/- രൂപ (ബിൽ നം. 68/20-21/29.3.21)

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ടു പ്രകാരം KADCO എന്ന സ്ഥാപനത്തിൽ നിന്നും 4,320/- രൂപ നിരക്കിൽ 23 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വാങ്ങി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക (രൂപ) |
|---|---|---|
| Steel Cot | 23 | (@ 3,661 + GST 9% + 9%)<br>84,203 +<br>7,578.27<br>7,578.27 |
| ആകെ | | 99,360/- |

വിതരണരേഖകൾ പരിശോധിച്ചതിൽ 19 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്നവയുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.വിതരണം ചെയ്യാത്ത കട്ടിലുകളുടെ വിലയായ 17,280/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക – 17,280/- രൂപ

ഓഡിറ്റ് എൻക്വയറി നം - 9/26.2.22

1-12 എസ്സ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറിയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും-പ്രോജക്ട് പൂർത്തീകരിച്ചില്ല

| | |
|---|---|
| 1. | പ്രോജക്ട് നം. S0056/20<br>അടങ്കൽ - 60,00,000/- രൂപ<br>ചെലവ് - 27,00,000 /- രൂപ |
| 2. | പ്രോജക്ട് നം. S093/21<br>അടങ്കൽ - 33,00,000/- രൂപ<br>ചെലവ് - 27,54,130/- രൂപ |

പട്ടികജാതി വികസനഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി 2019-20 സാമ്പത്തിക വർഷം 27,00,000/- രൂപയും 2020-21 വർഷത്തിൽ 27,54,130/- രൂപയും ചെലവഴിച്ചു. ഒരു ഗുണഭോക്താവിന് 1,82,000/- രൂപ 4 ഗഡുക്കളായി പഠനമുറിയുടെ നിർമ്മാണത്തിനും 17,871/- രൂപ ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനുമാണ് തുക ചെലവഴിച്ചത്. രജിസ്റ്റർ പരിശോധിച്ചതിൽ 28 ഗുണഭോക്താക്കൾക്ക പഠനമുറി അനുവദിച്ചതിൽ 4 ഗുണഭോക്താക്കൾ (സന്തോഷ്, ശോഭ, പ്രസാദ്, അനിത. സി) നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

പഠനമുറി പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ഫർണ്ണിച്ചർ വാങ്ങുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു (14.1.2020 ലെ 2(1)തീരുമാനം). 28 ഗുണഭോക്താക്കൾക്കാണ് പഠനമുറി അനുവദിച്ചിട്ടുള്ളത്. എന്നാൽ 30 വീതം ഫർണ്ണിച്ചറുകൾ 5,36,172/- രൂപ ചെലവഴിച്ച് KADCO എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

1. 209922/-(5/20-21/30.4.20)

| ഇനം | എണ്ണം | തുക (രൂപ) | ആകെ (രൂപ) |
|---|---|---|---|
| Steel Cabinet With 3 Fixed Shelves | 30 | 5,930/- | 1,77,900/-+<br>16,011/- (SGST)<br>16,011/- (CGST) |
| ആകെ | | | 2,09,962 /- |

2. 164610/-(4/20-21/30.4.20)

| ഇനം | എണ്ണം | തുക (രൂപ) | ആകെ (രൂപ) |
|---|---|---|---|
| Steel Table<br>Armless Chair | 30<br>30 | 3,380/-<br>1,270/- | 1,01,400/-<br>38,100/-<br>1,39,500/-+<br>12,555/- (SGST)<br>12,555/- (CGST) |
| ആകെ | | | 1,64,610/- |

3. 161601/-(6/20-21/30.4.20)

| ഇനം | എണ്ണം | തുക (രൂപ) | ആകെ (രൂപ) |
|---|---|---|---|
| Steel Slotted Angle Rack<br>Pedestal Fan | 30<br>30 | 2,450/-<br>2115 | 73,500/-<br>63,450/-<br>1,36,950/-+ |

| | | | |
|---|---|---|---|
| | | | 12,325/- (SGST)<br>12,325/- (CGST) |
| ആകെ | | | 1,61,600/- |

വിതരണരേഖകൾ പരിശോധിച്ചതിൽ 28 പേർക്ക് ഫർണ്ണിച്ചറുകൾ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഫർണ്ണിച്ചറുകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ അധികമായി വാങ്ങിയ ഫർണ്ണിച്ചറുകളുടെ വിലയായ 35,742/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ - സ.ഉ.(കൈ)നം.22/18.ത.സ്വ.ഭ.വ. തീ.14.2.18 ഖണ്ഡിക-7.2.7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 5,000/- രൂപ വരെ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകാവുന്നതാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ബ്ലോക്കുപഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പെടാത്ത പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. ബ്ലോക്കുപഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവാദമില്ലാത്ത പ്രവൃത്തി ഏറ്റെടുത്തതിന് സർക്കാരിന് വിശദീകരണം നൽകേണ്ടതും സർക്കാർ നിർദ്ദേശം വാങ്ങി ഈ വിഷയത്തിൽ തീർപ്പുകൽപ്പിക്കേണ്ടതുമാണ്.

നിരാകരിച്ച തുക – 35,742/- രൂപ

ഓഡിറ്റ് എൻക്വയറി നം- 9/26.2.22

### 1-13 അമ്മക്കിളിക്കൂട് അനുബന്ധ സാധനങ്ങൾ വാങ്ങൽ

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ വകയിരുത്തി അമ്മക്കിളിക്കൂട് - അനുബന്ധ സാധനങ്ങൾ വാങ്ങൽ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. മുലയൂട്ടൽ കേന്ദ്രം സ്ഥാപിച്ച് അമ്മക്കും കുഞ്ഞിനും വിശ്രമകേന്ദ്രമൊരുക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 1,89,944/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുകയിൽ 72,994/-രൂപ അനുബന്ധ സാധനങ്ങൾ വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | ചെലവഴിച്ച തുക (രൂപ) | ബിൽ നം/തീയതി |
|---|---|---|---|---|
| | Water Purifier | 1 | 27542 | 02/20.04.2020 |
| | Steel Table With 1 Drawer And Cup Board | 1 | 4237 | |
| | Steel Chair | 10 | 5080 | |
| | Wooden Coat | 1 | 6356 | |
| | Toys | 1 | 2542 | |
| | Bed | 1 | 5508 | |
| | Fan | 2 | 4238 | |
| | Hard Wood Cushion Chair | 1 | 6356 | |
| | Total | | 61859 | |
| | Gst | 18% | 11134.62 | |

| | | | | |
|---|---|---|---|---|
| | Grant Total | | 72993.62 | |

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന അമ്മക്കിളിക്കൂട് കെട്ടിടത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ചുവടെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടു.

- അമ്മക്കിളിക്കൂടിനായി കണ്ടെത്തിയിട്ടുള്ള കെട്ടിടത്തിൽ വൈദ്യുതീകരണം നടത്തിയിട്ടില്ല. ആയതിനാൽ Water Purifier, Fan എന്നിവ സ്ഥാപിക്കാതെ മുറിയിൽ സൂക്ഷിച്ചിച്ചിരിക്കുന്നതായി കാണാൻ കഴിഞ്ഞു.
- 6,356/- രൂപ ചെലവഴിച്ച് വാങ്ങിയ Hard Wood Cushion Chair കാണാൻ കഴിഞ്ഞില്ല. പദ്ധതി തുക വകയിരുത്തി വാങ്ങിയ സാധനങ്ങൾ എല്ലാം തന്നെ ഉപയോഗ പ്രദമാക്കാതെ മുറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

മുലയൂട്ടൽ കേന്ദ്രം സ്ഥാപിച്ച് അമ്മക്കും കുഞ്ഞിനും വിശ്രമിക്കുന്നതിനും വേണ്ടി വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ വകയിരുത്തി വിഭാവനം ചെയ്ത പദ്ധതി 1,89,944/-രൂപ ചെലവഴിച്ചിട്ടും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. അപാകത ചൂണ്ടികാണിച്ച് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതിയുടെ ഉദ്ദേശലക്ഷ്യം പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 1,89,944/ രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.
വിഭാവനം ചെയ്ത രീതിയിൽ പദ്ധതി നടപ്പാക്കി വിവരം ഓഡിറ്റിൽ അറിയിച്ച് തടസ്സം ഒഴിവാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 06/26.02.2022
തടസ്സപ്പെടുത്തുന്ന തുക – 1,89,944/- രൂപ
(ബിൽ നം. 01/20.4.20 – 1,16,950/-രൂപ, 02/20.04.20-72,994/-രൂപ)

1-14 പാലിന് സബ്സിഡി അധികധനസഹായം നൽകി

പ്രോജക്ട് നം. – 06/20-21
അടങ്കൽ – 28,14,450/- രൂപ (വികസനഫണ്ട്)
ചെലവ് – 28,14,450/- രൂപ
ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെട്ട 6 ഗ്രാമപ്പഞ്ചായത്തുകളിലെ 1058 ക്ഷീരകർഷകർക്ക് ക്ഷീരസംഘങ്ങളിൽ നൽകുന്ന ഒരോ ലിറ്റർ പാലിനും 4 രൂപ നിരക്കിൽ അധിക ധനസഹായം നൽകുന്നതിന് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 20-21 സാമ്പത്തിക വർഷം 28,14,450/-രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ(കൈ)നം 22/2018/ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക-6.2.8-ൽ ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ ഒരു ലിറ്റർ പാലിന് 4 രൂപ കണക്കാക്കി 40,000/- രൂപ വരെ പരമാവധി ധനസഹായം നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയിൽ ക്ഷീരവികസന വകുപ്പിന്റെ ധനസഹായം ഇല്ലാതെ തന്നെ 4 രൂപ നിരക്കിലാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ക്ഷീരവികസന വകുപ്പിൽ നിന്നുള്ള ധനസഹായം ലഭിച്ചിട്ടില്ലെന്നും ആയതിനാലാണ് 1 രൂപ അധിക ധനസഹായം നൽകിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുന്നു. ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ 1 രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും ക്ഷീരവികസന വകുപ്പിൽ നിന്നുള്ള വിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. അധികമായി നൽകിയ തുക ക്ഷീരവികസന വകുപ്പിൽനിന്നും ലഭ്യമാക്കി ഒടുക്കുവരുത്താൻ വേണ്ട നടപടികൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 07/26.02.2022

## 1-15 ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോഡു കൂടിയ സ്കൂട്ടർ

ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീലോഡു കൂടിയ സ്കൂട്ടർ നൽകുന്നതിന് ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. Ace Motors Private Ltd, കല്ലായി, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 85800/- രൂപനിരക്കിൽ 20 വാഹനം വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്നും 17,16,000/- (ബിൽ നം. 18/27.03.2021) രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ അപേക്ഷയോടൊപ്പം ആനുകൂല്യം നൽകിയവർ വാഹനം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സൈഡ് വീൽ ഘടിപ്പിച്ച വാഹനം ഓടിക്കുന്നതിന് സാധിക്കും എന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയവരെയാണ് പട്ടികയിൽ ഉൾപ്പെടുത്തിയെങ്കിലും അനുവദിക്കപ്പെട്ട വാഹനം 'Invalid Carriage'എന്ന തരത്തിൽ രജിസ്റ്റർ ചെയ്തതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. – 08/26.02.2022

## 1-16 ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

ശിശു വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം ചുവടെ പറയും പ്രകാരമുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപ്പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക (രൂപ) | ഗ്രാമപ്പഞ്ചായത്തിന്റെ പേര് | അനുവദിച്ച തുക (രൂപ) |
|---|---|---|---|---|
| 1 | 30/21<br>അങ്കണവാടി പൂരക പോഷകാഹാരം ഗ്രാമപ്പഞ്ചായത്തിന് വിഹിതം നൽകൽ | 15,50,000/- | പിറവന്തൂർ<br>പത്തനാപുരം<br>പട്ടാഴി വടക്കേക്കര<br>പട്ടാഴി<br>തലവൂർ<br>വിളക്കുടി | 2,00,000/-<br>2,00,000/-<br>2,96,151/-<br>3,76,803/-<br>1,77,046/-<br>3,00,000/- |
| 2 | 162/21<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 8,88,816/- | പിറവന്തൂർ<br>പത്തനാപുരം<br>പട്ടാഴി വടക്കേക്കര<br>പട്ടാഴി<br>തലവൂർ | 2,00,000/-<br>2,00,000/-<br>1,88,816/-<br>75,000/-<br>2,25,000/- |
| | ആകെ | 2438816/- | | |

മേൽപ്പറഞ്ഞ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിന് നിർവ്വഹണഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
തടസ്സപ്പെടുത്തുന്ന തുക – 24,38,816/- രൂപ

## 1-17 നിർധന വിദ്യാർത്ഥികൾക്ക് പിഎസ് സി എൻടൻസ് കോച്ചിംഗ് ക്യാമ്പ് - അധികം തുക നൽകി

പ്രോജക്ട് നം. – 83/21
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 8,00,000/- രൂപ (വികസനഫണ്ട്)

2018-19 സാമ്പത്തിക വർഷത്തിൽ നൂതന പ്രോജക്ടായി അംഗീകാരം ലഭിച്ച പ്രോജക്ടാണ്. ഇത് സ്പിൽ ഓവർ പ്രോജക്ടായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തുടർന്നു. പത്തനാപുരം ബ്ലോക്ക്

പഞ്ചായത്തിലുള്ള 10 വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതുന്നതിന് പരിശീലനം നല്കുന്നതിനുള്ള പ്രോജക്ടാണിത്. 22-10-2018 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 1(8) തീരുമാനപ്രകാരം 48,000/- രൂപ ഒരു വിദ്യാർത്ഥിക്കായി രേഖപ്പെടുത്തിയ ജോബ് റസലൂഷൻ സെന്റർ, പത്തനാപുരം എന്ന സ്ഥാപനത്തെ പരിശീലനം നല്കേണ്ട സ്ഥാപനമായി തെരെഞ്ഞെടുത്തു. വിളക്കുടി (3), പിറവന്തൂർ (2), പട്ടാഴി (4) എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നായി 9 ഗുണഭോക്താക്കളെ അംഗീകരിച്ച് നല്കി. ഇതുപ്രകാരം സ്ഥാപനത്തിന് നല്കേണ്ട ആകെ തുക 9 X 48000 = 4,32,000 രൂപയാണ്. എന്നാൽ ടി സ്ഥാപനത്തിന് താഴെ കൊടുത്തിരിക്കും പ്രകാരം തുക നല്കി.

| ക്ര നം | തുക | ബിൽ നം |
|---|---|---|
| 1 | 2,00,000/- | 1/19-20, 29-04-2019 |
| 2 | 1,50,000/- | 17/19-20, 06-09-2019 |
| 3 | 1,00,000/- | 1/20-21, 30-04-20 |
| | ആകെ - 4,50,000/- | |

അധികമായി 18,000 രൂപ നല്കിയിരിക്കുന്നു. ഇതു സംബന്ധിച്ച് 26-02-22 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സ്ഥാപനവുമായി കരാർ വച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ തുക നിരാകരിക്കുന്നു. ടി തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നോ അന്തിമബിൽ നല്കിയതിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 18,000 രൂപ

ഓഡിറ്റ് അന്വേഷണം നമ്പർ – 5 / 26-02-2022

1-18 നിർധന വിദ്യാർത്ഥികൾക്ക് പി എസ് സി പരിശീലനം - അധിക ചെലവുണ്ടായി.

പ്രോജക്ട് നം – 152/20, 112/21
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 3,00,000/- രൂപ (വികസന ഫണ്ട്)
ബിൽ നം – 1/20-21 / 29.04.2020

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ നൂതന പദ്ധതിയായി നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം 50 വിദ്യാർത്ഥികൾക്ക് 6 മാസ കാലയളവിനുള്ളിൽ 120 ദിവസത്തെ പരിശീനനം നല്കുന്നതിനായുള്ളതാണ് പ്രോജക്ട് ഇതിനായി ടെണ്ടർക്ഷണിച്ചതിൽ ശ്രീ. ആർ. ചന്ദ്രശേഖരന്റെ (ജോബ് കൺസൾട്ടിംഗ് സെന്റർ, പത്തനാപുരം) 5% കുറവ് തുക രേഖപ്പെടുത്തിയ ടെണ്ടർ 16-11-2019 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരമാനം(നം 1) പ്രകാരം അംഗീകരിച്ച ബിൽ നം 1/20-21/29.04.2020 പ്രകാരം 1,00,000/- രൂപ ടിയാന് നല്കിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം 2019 ഡിസംബർ മാസം 17 ദിവസം, 2020 ജനവരി മാസം 10 ദിവസം 2021 ഫെബ്രുവരി മാസം 7 ഉൾപ്പെടെ 34 ദിവസം മാത്രമാണ് 50 വിദ്യാർത്ഥികൾക്ക് പരിശീലനം നല്കിയിട്ടുള്ളത്. ഇതുപ്രകാരം സ്ഥാപനത്തിന് നല്കാൻ അർഹതയുള്ള തുക താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | 3,00,000/- രൂപ |
| (-) ടെണ്ടർ കുറവ് 5% | 15,000/- രൂപ |
| 120 ദിവസത്തെ പരിശീലനത്തിന് നല്കാവുന്ന തുക | 2,85,000/- രൂപ |
| രേഖകൾ പ്രകാരം പരിശീലനം നല്കിയ ദിവസങ്ങൾ | 34 |
| നല്കാവുന്ന തുക285000x34/120 | 80,750/- രൂപ |
| അധികം നല്കിയ തുക | 19,250/- രൂപ |

അധികം നല്കിയ തുക 19,250 രൂപ നിരാകരിക്കുന്നു. ടി തുക ശ്രീ. ആർ. ചന്ദ്രശേഖരൻ (ജോബ് കൺസൾട്ടിംഗ് സെന്റർ, പത്തനാപുരം) എന്നവ്യക്തിയിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. കൂടാതെ പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

'ടി പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിൻറെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 24-02-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരണം - 19,250/- രൂപ

ഓഡിറ്റ് അന്വേഷണം നം – 2/24-02-2022

1-19 ടാർവീപ്പയുടെ വില ഇനത്തിൽ ഈടാക്കി തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള 28,887/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തണം

സർക്കുലർ 59827/FM/07/ത.സ്വ.ഭ.വ. 30-10-2017 പ്രകാരം ടാർവീപ്പയുടെ വില ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ ഗവ. ഉത്തരവ് (അച്ചടി)177/06/ധനം, തീയതി 12-04-2006 ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കണം. 2019-20 സാമ്പത്തിക വർ,ഷത്തിൽ ടാർ വീപ്പയുടെ വില (ജി.എസ്.ടി ഉൾപ്പെടെ) പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ ടാർ വീപ്പയുടെ വില, ജി.എസ്.ടി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | ടാർ വീപ്പയുടെ വില (രൂപ) | ജിഎസ്ടി + ഫ്ലഡ് സെസ് (രൂപ) | ആകെ (രൂപ) |
|---|---|---|---|---|
| 1 | മേലേപ്പുര തെറ്റിയോട് കോളനി റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക - 5,90,000 (വികസന ഫണ്ട്)<br>ബിൽ നം - 11/20-21 , 22-04-2020 | 5,712 | 1,085 | 6,797 |
| 2 | അനുപമ ജംഗ്ഷൻ കുഴിവേലിൽ പാലം റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക – 700,000 (വികസന ഫണ്ട്)<br>ബിൽ നം – 13/20-21 , 22-04-2020 | 2,618 | 498 | 3,116 |
| | കല്ലൂർക്കോണം ചാമല റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക - 5,00,000 (വികസന ഫണ്ട്)<br>ബിൽ നം - 12/20-21 , 22-04-2020 | 4,760 | 904 | 5,664 |
| | വെള്ളറത്തുമൂട്, തെങ്ങുവിള കൊറ്റങ്കര റോഡ് റീ ടാറിംഗ്<br>അടങ്കൽ തുക - 7,00,000 (വികസന ഫണ്ട്)<br>ബിൽ നം - 31/20-21 , 22-02-2021 | 7,616 | 1,446 | 9,062 |
| | കുട്ടുമുക്ക് ചെമ്പനരുവി റോഡ് റീ ടാറിംഗ് | 3,570 | 678 | 4,248 |

| | | | | |
|---|---|---|---|---|
| | അടങ്കൽ തുക - 5,00,000 (വികസന ഫണ്ട്)<br>ബിൽ നം - 14/20-21 , 22-04-2020 | | | |
| | | 24,276 | 4,611 | 28,887 |

സർക്കാർ ഫണ്ടിലേയ്ക്ക് ഒടുക്കവരുത്തേണ്ടിയിരുന്നതും എന്നാൽ ഗ്രാമ പഞ്ചായത്തിൻറെ തനത് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 28,887/- രൂപ സർക്കാരിലേയ്ക്ക് ഒടുക്കവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - 7/26-02-2022

1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ - ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല.

ബ്ലോക്കുപഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിലെ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനായി 2019-20 വർഷം 9,54,512/- രൂപ വകയിരുത്തി (പ്രോജക്ട് നം. S0072/20) പട്ടികജാതി വികസന ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയ്ക്കായി 2020-21 വർഷത്തിൽ 3,82,800/- രൂപ ചെലവഴിച്ചു. എന്നാൽ 2020-21 വർഷത്തെ സുലേഖാ സ്റ്റേറ്റുമെന്റിൽ പ്രോജക്ടിന്റെ ചെലവ് ഉൾപ്പെട്ടിട്ടില്ല. രണ്ടു ബില്ലുകൾ പ്രകാരം സ്കൂളുകൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

1,89,900/- (ബിൽ നം. 1/20-21/30.4.20)

ഗവ.എച്ച്.എസ്സ്.എസ്സ്, പുന്നല - 25,200/- രൂപ

ഗവ.എച്ച്.എസ്സ്.എസ്സ്, പട്ടാഴി - 1,33,200/- രൂപ

ഗവ.എച്ച്.എസ്സ്.എസ്സ്, വലിയകാവ് - 17,100/- രൂപ

മുഹമ്മദൻ എച്ച്.എസ്സ്.എസ്സ്, ഇടത്തറ - 14,400/- രൂപ

1,92,900/- (ബിൽ നം.2/20-21/30.4.20)

ഗവ.എച്ച്.എസ്സ്.എസ്സ്, പുന്നല – 25,200/- രൂപ

ഗവ.എച്ച്.എസ്സ്.എസ്സ്, പട്ടാഴി - 1,33,200/- രൂപ

ഗവ.എച്ച്.എസ്സ്.എസ്സ്, വലിയകാവ് – 5,700/- രൂപ

മുഹമ്മദൻ എച്ച്.എസ്സ്.എസ്സ്, ഇടത്തറ - 28,800/- രൂപ

മേൽ പ്രകാരം ചെലവഴിച്ച തുകയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 3,82,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സം - 3,82,800/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 12/28.02.2022

1-21 വൗച്ചറിലെ ചെലവുകളെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

2020-21 സാമ്പത്തികവർഷത്തെ വൗച്ചർ പരിശോധിച്ചതിൽ താഴെപ്പറയുന്ന വൗച്ചർ പ്രകാരം ചെലവഴിച്ച തുകകളെ സാധൂകരിക്കുന്ന ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | ചെലവ് | തുക (രൂപ) |
|---|---|---|
| 22(10)/20<br>28.10.20 | എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ പ്രിന്റർ മെയിന്റനൻസ് | 14,300 /- |
| 17(12)/20-21 | ക്ഷീരവികസന ഓഫീസിലെ കമ്പ്യൂട്ടർ | 7,150/- |

| | | |
|---|---|---|
| 07/12/20 | കേടുപാടുകൾ പരിഹരിച്ചത് | |
| 20(1)/20-21 | എക്സ്റ്റൻഷൻ ഓഫീസറുടെ പ്രിന്റർ റിപ്പയറിംഗ് | 3,900/- |
| Chque No 2919013 16.02.21 | 2021- 22 വാർഷിക പദ്ധതി രൂപീകരണം | 50,000/-(അഡ്വാൻസ് തുക) |
| 21(3)/20-21 25.3.21 | ഡെയിലി വേജസ് (മഹേഷ് എം, സതീഷ് ബി, അനന്തു ) | 4,930/- |
| ആകെ | | 80,280/- |

ബ്ലോക്ക് പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും കമ്പ്യൂട്ടറുകളുടെ മെയിന്റനൻസ്, ഇലക്ട്രിഫിക്കേഷൻ വർക്കുകൾ എന്നിവ നടത്തുമ്പോൾ സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷ, ചെലവിനെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ എന്നിവ സൂക്ഷിക്കുന്നില്ല. ചെലവ് സാധൂകരിക്കുന്ന അനുബന്ധ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയത് Hand Written ആയിട്ടുള്ള ബില്ലുകളാണ്. ടാക്സ് ഇൻവോയ്സ് അപൂർവ്വമായി മാത്രമേ സൂക്ഷിക്കുന്നുള്ളൂ. കമ്പ്യൂട്ടറിന്റെ മെയിന്റനൻസിനായി മദർബോർഡ് ഉൾപ്പെടെയുള്ളവ പർച്ചേസ് ചെയ്യുമ്പോഴും മേൽ രീതികളാണ് അവലംബിച്ചിരിക്കുന്നത്. ദിവസവേതനത്തിന് ജീവനക്കാർക്കാരെ നിയമിച്ച് അവരുടെ ദിവസവേതനം അനുവദിക്കുമ്പോൾ ശമ്പള വൗച്ചറുകൾക്കൊപ്പവും മസ്റ്റർ റോൾ സൂക്ഷിക്കുന്നില്ല. വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ തുകകളുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം . 10/26.02.2022

തടസ്സപ്പെടുത്തിയ തുക - 80,280/- രൂപ

1-22 പി എം ജെ കെ വി പദ്ധതി - വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം, തനത് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക റീക്കുപ്പ് ചെയ്തിട്ടില്ല

2020 -21 ലെ വൗച്ചറുകൾ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പണികഴിപ്പിക്കുന്ന വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണം , PMJKV പദ്ധതിയിലൂടെ നടത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള സോയിൽ ടെസ്റ്റ് (72,000/-), സ്ട്രക്ചറൽ ഡിസൈൻ / സ്ട്രക്ചർ ഡ്രോയിങ് / ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്നതിനും (1,03,000/-) കൂടി ആകെ 1,75,000/- രൂപ (ചെക്ക് നം. 58621/2.11.2020) TKM കോളേജിന് അനുവദിച്ചിട്ടുണ്ട്. കേന്ദ്രഫണ്ട് കിട്ടുന്ന മുറയ്ക്ക് 1,75,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യേണ്ടതാണ്. റീക്കുപ്പ് ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,75,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്തതിന്റെ വിവരങ്ങളും പദ്ധതിയുടെ തൽസ്ഥിതിയും ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/26.02.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 നിർധന വിദ്യാർത്ഥികൾക്ക് പിഎസ് സി എൻട്രൻസ് കോച്ചിംഗ് ക്യാമ്പ് (So-83/21),

അധികമായി നല്കിയ 18,000 രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം. – 83/21
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 8,00,000/- രൂപ (വികസനഫണ്ട്)

2018-19 സാമ്പത്തിക വർഷത്തിൽ നൂതന പ്രോജക്ടായി അംഗീകാരം ലഭിച്ച പ്രോജക്ടാണ്. ഇത് സ്പിൽ ഓവർ പ്രോജക്ടായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ തുടർന്നു. പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിലുള്ള 10 വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതുന്നതിന് പരിശീലനം നല്കുന്നതിനുള്ള പ്രോജക്ടാണിത്. 22-10-2018 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 1(8) തീരുമാനപ്രകാരം 48,000/- രൂപ ഒരു വിദ്യാർത്ഥിക്കായി രേഖപ്പെടുത്തിയ ജോബ് റസലൂഷൻ സെന്റർ, പത്തനാപുരം എന്ന സ്ഥാപനത്തെ പരിശീലനം നല്കേണ്ട സ്ഥാപനമായി തെരെഞ്ഞെടുത്തു. വിളക്കുടി (3), പിറവന്തൂർ (2), പട്ടാഴി (4) എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിന്നായി 9 ഗുണഭോക്താക്കളെ അംഗീകരിച്ചു നല്കി. ഇതുപ്രകാരം സ്ഥാപനത്തിന് നല്കേണ്ട ആകെ തുക 9 X 48000 = 4,32,000 രൂപയാണ്. എന്നാൽ ടി സ്ഥാപനത്തിന് താഴെ കൊടുത്തിരിക്കും പ്രകാരം തുക നല്കി.

| ക്ര നം | തുക | ബിൽ നം |
|---|---|---|
| 1 | 2,00,000/- | 1/19-20, 29-04-2019 |
| 2 | 1,50,000/- | 17/19-20, 06-09-2019 |
| 3 | 1,00,000/- | 1/20-21, 30-04-20 |
| | ആകെ - 4,50,000/- | |

അധികമായി 18,000 രൂപ നല്കിയിരിക്കുന്നു. ഇതു സംബന്ധിച്ച് 26-02-22 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-5) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സ്ഥാപനവുമായി കരാർ വച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ തുക നിരാകരിക്കുന്നു. ടി തുക പ്രസ്തുത സ്ഥാപനത്തിൽ നിന്നോ അന്തിമബിൽ നല്കിയതിന് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

നിരാകരിച്ച തുക – 18,000 രൂപ

ഓഡിറ്റ് അന്വേഷണം നമ്പർ – 5 / 26-02-2022

3-2 നിർധന വിദ്യാർത്ഥികൾക്ക് പി എസ് സി പരിശീലനം (152/20),(112/21) അധികം നല്കിയ 19,250 രൂപാ നിരാകരിക്കുന്നു.

പ്രോജക്ട് നം – 152/20, 112/21
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 3,00,000/- രൂപ (വികസന ഫണ്ട്)
ബിൽ നം – 1/20-21 / 29.04.2020

പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ നൂതന പദ്ധതിയായി നടപ്പിലാക്കിയ ടി പ്രോജക്ട് പ്രകാരം 50 വിദ്യാർത്ഥികൾക്ക് 6 മാസ കാലയളവിനുള്ളിൽ 120 ദിവസത്തെ പരിശീനനം നല്കുന്നതിനായുള്ളതാണ് പ്രോജക്ട് ഇതിനായി ടെണ്ടർക്ഷണിച്ചതിൽ ശ്രീ. ആർ. ചന്ദ്രശേഖരന്റെ (ജോബ് കൺസൾട്ടിംഗ് സെന്റർ, പത്തനാപുരം) 5% കുറവ് തുക രേഖപ്പെടുത്തിയ ടെണ്ടർ 16-11-2019 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ തീരമാനം(നം 1) പ്രകാരം അംഗീകരിച്ചു ബിൽ നം 1/20-21/29.04.2020 പ്രകാരം 1,00,000/- രൂപ ടിയാന് നല്കിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള രേഖകൾ പ്രകാരം 2019 ഡിസംബർ മാസം 17 ദിവസം, 2020 ജനവരി മാസം 10 ദിവസം 2021 ഫെബ്രുവരി മാസം 7 ഉൾപ്പെടെ 34 ദിവസം മാത്രമാണ് 50 വിദ്യാർത്ഥികൾക്ക് പരിശീലനം നല്കിയിട്ടുള്ളത്. ഇതുപ്രകാരം സ്ഥാപനത്തിന് നല്കാൻ അർഹതയുള്ള തുക താഴെ കൊടുക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | 3,00,000/- രൂപ |
| (-) ടെണ്ടർ കുറവ് 5% | 15,000/- രൂപ |
| 120 ദിവസത്തെ പരിശീലനത്തിന് നല്കാവുന്ന തുക | 2,85,000/- രൂപ |
| രേഖകൾ പ്രകാരം പരിശീലനം നല്കിയ ദിവസങ്ങൾ | 34 |
| നല്കാവുന്ന തുക285000x34/120 | 80,750/- രൂപ |
| അധികം നല്കിയ തുക | 19,250/- രൂപ |

അധികം നല്കിയ തുക 19,250 രൂപ നിരാകരിക്കുന്നു. ടി തുക ശ്രീ. ആർ. ചന്ദ്രശേഖരൻ (ജോബ് കൺസൾട്ടിംഗ് സെന്റർ, പത്തനാപുരം) എന്നവ്യക്തിയിൽ നിന്നോ, ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നോ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. കൂടാതെ പദ്ധതി സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

'ടി പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിൻറെ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് 24-02-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 2) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിരാകരണം - 19,250/- രൂപ

ഓഡിറ്റ് അന്വേഷണം നം – 2/24-02-2022

3-3 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് – വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (26/21)

അടങ്കൽ - 1,08,750/- രൂപ (വികസനഫണ്ട് - റ്റി.എസ്.പി)

ചെലവ് - 99,360/- രൂപ (ബിൽ നം. 68/20-21/29.3.21)

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ട പ്രകാരം KADCO എന്ന സ്ഥാപനത്തിൽ നിന്നും 4,320/- രൂപ നിരക്കിൽ 23 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വാങ്ങി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക (രൂപ) |
|---|---|---|
| Steel Cot | 23 | (@ 3,661 + GST 9% + 9%)<br>84,203 +<br>7,578.27<br>7,578.27 |
| ആകെ | | 99,360/- |

വിതരണരേഖകൾ പരിശോധിച്ചതിൽ 19 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്നവയുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.വിതരണം ചെയ്യാത്ത കട്ടിലുകളുടെ വിലയായ 17,280/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക – 17,280/- രൂപ

ഓഡിറ്റ് എൻക്വയറി നം - 9/26.2.22

3-3 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ-കട്ടിലുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

പ്രോജക്ട് – വൃദ്ധർക്ക് കട്ടിൽ വാങ്ങൽ (26/21)

അടങ്കൽ - 1,08,750/- രൂപ (വികസനഫണ്ട് - റ്റി.എസ്.പി)

ചെലവ് - 99,360/- രൂപ (ബിൽ നം. 68/20-21/29.3.21)

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം KADCO എന്ന സ്ഥാപനത്തിൽ നിന്നും 4,320/- രൂപ നിരക്കിൽ 23 ഗുണഭോക്താക്കൾക്ക് കട്ടിലുകൾ വാങ്ങി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഇനം | എണ്ണം | തുക (രൂപ) |
|---|---|---|
| Steel Cot | 23 | (@ 3,661 + GST 9% + 9%)<br>84,203 +<br>7,578.27<br>7,578.27 |
| ആകെ | | 99,360/- |

വിതരണരേഖകൾ പരിശോധിച്ചതിൽ 19 കട്ടിലുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ശേഷിക്കുന്നവയുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.വിതരണം ചെയ്യാത്ത കട്ടിലുകളുടെ വിലയായ 17,280/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക – 17,280/- രൂപ

ഓഡിറ്റ് എൻക്വയറി നം - 9/26.2.22

## 3-4 എസ്സ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറിയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും- പ്രോജക്ട് പൂർത്തീകരിച്ചില്ല.

| | |
|---|---|
| 1. | പ്രോജക്ട് നം. SO056/20<br>അടങ്കൽ - 60,00,000/- രൂപ<br>ചെലവ് - 27,00,000 /- രൂപ |
| 2. | പ്രോജക്ട് നം. SO93/21<br>അടങ്കൽ - 33,00,000/- രൂപ<br>ചെലവ് – 27,54,130/- രൂപ |

പട്ടികജാതി വികസനഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിനായി 2019-20 സാമ്പത്തിക വർഷം 27,00,000/- രൂപയും 2020-21 വർഷത്തിൽ 27,54,130/- രൂപയും ചെലവഴിച്ചു. ഒരു ഗുണഭോക്താവിന് 1,82,000/- രൂപ 4 ഗഡുക്കളായി പഠനമുറിയുടെ നിർമ്മാണത്തിനും 17,871/- രൂപ ഫർണ്ണിച്ചർ വാങ്ങി നൽകുന്നതിനുമാണ് തുക ചെലവഴിച്ചത്. രജിസ്റ്റർ പരിശോധിച്ചതിൽ 28 ഗുണഭോക്താക്കൾക്ക പഠനമുറി അനുവദിച്ചതിൽ 4 ഗുണഭോക്താക്കൾ (സന്തോഷ്, ശോഭ, പ്രസാദ്, അനിത. സി) നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

പഠനമുറി പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും ഫർണ്ണിച്ചർ വാങ്ങുന്നതിന് ഭരണസമിതി തീരുമാനിച്ചിരുന്നു (14.1.2020 ലെ 2(1)തീരുമാനം). 28 ഗുണഭോക്താക്കൾക്കാണ് പഠനമുറി അനുവദിച്ചിട്ടുള്ളത്. എന്നാൽ 30 വീതം ഫർണ്ണിച്ചറുകൾ 5,36,172/- രൂപ ചെലവഴിച്ച് KADCO എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

1. 209922/-(5/20-21/30.4.20)

| ഇനം | എണ്ണം | തുക (രൂപ) | ആകെ (രൂപ) |
|---|---|---|---|
| Steel Cabinet With 3 Fixed Shelves | 30 | 5,930/- | 1,77,900/-+<br>16,011/- (SGST) |

| | | | |
|---|---|---|---|
| | | | 16,011/- (CGST) |
| ആകെ | | | 2,09,962 /- |

2. 164610/-(4/20-21/30.4.20)

| ഇനം | എണ്ണം | തുക (രൂപ) | ആകെ (രൂപ) |
|---|---|---|---|
| Steel Table<br>Armless Chair | 30<br>30 | 3,380/-<br>1,270/- | 1,01,400/-<br>38,100/-<br>1,39,500/-+<br>12,555/- (SGST)<br>12,555/- (CGST) |
| ആകെ | | | 1,64,610/- |

3. 161601/-(6/20-21/30.4.20)

| ഇനം | എണ്ണം | തുക (രൂപ) | ആകെ (രൂപ) |
|---|---|---|---|
| Steel Slotted Angle Rack<br>Pedestal Fan | 30<br>30 | 2,450/-<br>2115 | 73,500/-<br>63,450/-<br>1,36,950/-+<br>12,325/- (SGST)<br>12,325/- (CGST) |
| ആകെ | | | 1,61,600/- |

വിതരണരേഖകൾ പരിശോധിച്ചതിൽ 28 പേർക്ക് ഫർണ്ണിച്ചറുകൾ നൽകിയിട്ടുണ്ട്. ശേഷിക്കുന്ന ഫർണ്ണിച്ചറുകൾ സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ അധികമായി വാങ്ങിയ ഫർണ്ണിച്ചറുകളുടെ വിലയായ 35,742/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ – സ.ഉ.(കൈ)നം.22/18.ത.സ്വ.ഭ.വ. തീ.14.2.18 ഖണ്ഡിക-7.2.7 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 5,000/- രൂപ വരെ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും നൽകാവുന്നതാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ബ്ലോക്കുപഞ്ചായത്തിന്റെ മേഖലാ ചുമതലയിൽ പെടാത്ത പ്രവൃത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. ബ്ലോക്കുപഞ്ചായത്തിന് ഏറ്റെടുക്കാൻ അനുവാദമില്ലാത്ത പ്രവൃത്തി ഏറ്റെടുത്തതിന് സർക്കാരിന് വിശദീകരണം നൽകേണ്ടതും സർക്കാർ നിർദ്ദേശം വാങ്ങി ഈ വിഷയത്തിൽ തീർപ്പുകൽപ്പിക്കേണ്ടതുമാണ്.

നിരാകരിച്ച തുക – 35,742/- രൂപ

ഓഡിറ്റ് എൻക്വയറി നം- 9/26.2.22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23.02.2022 | കെ.എസ്.എ./കെ.എൽ.എം./പി9/335/2022 തീയതി - 04.07.2022 |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2020-21 | 5,00,000 | താലൂക്കാശുപത്രിക്ക് സ്ഥലം വാങ്ങൽ | 5,00,000/- | - |
| ഗ്രാമപഞ്ചായത്ത് | 2020-21 | 6,32,500 | ഒരു കയ്യിൽ പാലും മറുകയ്യിൽ മുട്ടയും പച്ചക്കറിയും | 6,32,500/- | - |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18,000/- | ശ്രീമതി. രമ്യ. സി, സെക്രട്ടറി |
| 3-2 | | 19,250/- | ശ്രീമതി. രമ്യ. സി, സെക്രട്ടറി |
| 3-3 | | 17,280/- | ശ്രീ. ഷാജി. ഡി, പട്ടികജാതി വികസന ഓഫീസർ |
| 3-4 | | 35,742/- | ശ്രീ. ആനന്ദൻ. ജി, പട്ടികജാതി വികസന ഓഫീസർ |
| ആകെ | | 90,272/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-10 | 15,000/- | ശ്രീമതി. രമ്യ. സി, സെക്രട്ടറി |
| 1-13 | 1,89,944/- | ശ്രീമതി. കൃഷ്ണ. എസ്. ആർ, സി.ഡി.പി.ഒ |
| 1-16 | 24,38,816/- | ശ്രീമതി. കൃഷ്ണ. എസ്. ആർ, സി.ഡി.പി.ഒ |
| 1-20 | 3,82,800/- | ശ്രീ. പി. ബി. ബാബു, പട്ടികജാതി വികസന ഓഫീസർ |
| 1-21 | 80,280/- | 75,350/- ശ്രീമതി. രമ്യ. സി, സെക്രട്ടറി |
| | | 4,930/- ശ്രീ. ലെനിൻ. സി, സെക്രട്ടറി |
| ആകെ | 31,06,840/- | |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാജി.ഡി,പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ഇത്തിക്കര ബ്ലോക്ക് | കുറ്റിയിൽ മേലതിൽ, ടി.കെ.എം കോളേജ് .പി.ഒ, പേരൂർ, കൊല്ലം |
| ശ്രീ. ആനന്ദൻ. ജി, പട്ടികജാതി വികസന ഓഫീസർ | വിരമിച്ചു | മുടിയിൽകുന്നിൽ, അറുകാലിക്കൽ വെസ്റ്റ്, വടക്കടത്തുകാവ്.പി.ഒ പത്തനംതിട്ട |
| ശ്രീമതി. കൃഷ്ണ. എസ്. ആർ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, അതിയന്നൂർ | പനവിളാകത്ത് ഹൗസ്, ഹൗസ് നം. 49, വ്യാസ നഗർ, പരുത്തിപ്പാറ, പട്ടം.പി.ഒ |
| ശ്രീ. പി. ബി. ബാബു, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ദേവികുളം ബ്ലോക്ക് | പാറച്ചാലിൽ, കുട്ടാർ. പി.ഒ, കുട്ടാർ, ഇടുക്കി |
| ശ്രീമതി. രമ്യ. സി, സെക്രട്ടറി | ബി ഡി ഒ, ചിറ്റുമല | രാമകൃഷ്ണനിലയം, കാഞ്ഞാവള്ളി, കൊല്ലം |
| ശ്രീ. ലെനിൻ. സി, സെക്രട്ടറി | ബി ഡി ഒ, ചിറയിൻകീഴ് | KP3/503, പുത്തൻവീട്, മുണ്ടൻചിറ, Near വനദുർഗ്ഗ ടെമ്പിൾ, കഠിനകുളം, തിരുവനന്തപുരം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി-9/103/18(8)/06-03-2018 | 3 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി-9/103/18(9)/06-03-2018 | 8 |
| 2006-07 | എൽ.എഫ്.ക്യു-ഡി.ബി-1549(5)/14തീയതി 10-07-2014 | 10 |
| 2007-08 | എൽ.എഫ്.ക്യു-ഡി.ബി-1549(4)/14തീയതി 10-07-2014 | 6 |
| 2008-09 | എൽ.എഫ്.ക്യു-ഡി.ബി-1549(3)/14തീയതി 10-07-2014 | 8 |
| 2009-10 | എൽ.എഫ്.ക്യു-ഡി.ബി-1549(2)/14തീയതി 10-07-2014 | 7 |
| 2010-11 | എൽ.എഫ്.ക്യു-ഡി.ബി-1549(1)/14തീയതി 10-07-2014 | 13 |
| 2011-12 | എൽ.എഫ്.ക്യു-ഡി.ബി-814/13തീയതി 14-02-2014 | 10 |
| 2012-13 & 2013-14 | എൽ.എഫ്.ക്യു-ഡി.ബി-2243/14തീയതി 23-05-2015 | 18 |
| 2014-15 & 2015-16 | കെ.എസ്.എ-കെ.എൽ.എം-ഡി.ബി-683/2017 തീയതി-11-05-2017 | 2 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി-9/1254/2017/17-11-2017 | 10 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി-9/1928/2018/24-01-2019 | 8 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി-9/ | |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി-9/ | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രിക-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്